ഉത്തരം

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല
(സി) ഷെഡ്യൂളിലും സൗകര്യാനുസരണം അപ്രൻറിസ് കോഴ്സിനു ആളുകളെ എടുക്കുന്നുണ്ട്.

ADJOURNMENT MOTIONS

i Lathi charge on Youth Congress Workers before the Collectorate, Calcut.

ii Clash between two Sections of agricultural labourers in Karuvatta.

മി സ്പീക്കർ: ഇന്നലെ ഇവിടെ നോട്ടീസ് തന്നിരുന്ന രണ്ടു അടിയന്തിര പ്രമേയങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുപടി പറയാനുണ്ട്. അതിനുമുൻപു് എനിക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു് ഒരു കാര്യം പറയാനുണ്ട്. ഇന്നു രാവിലെ നമ്മുടെ ബഹുമാനപ്പെട്ട സഭാംഗങ്ങളും എം എൽ എ. കമ്മീഷണർ നിന്നും ബസ്സിൽ കയറി ഇവിടെ വരുന്നതിനുവേണ്ടി പുളിയം ജംഗ്ഷനിൽ എത്തിയപ്പോൾ രണ്ടു വണ്ടികളും തടഞ്ഞു നിർത്തുകയും തൻമൂലം ബഹുമാനപ്പെട്ട മെമ്പർമാർക്കു് കൃത്യസമയത്തു് സഭയിൽ ഹാജരാകുവാൻ സാധിക്കാത്ത നില ഉണ്ടാകുകയും ചെയ്തിട്ടുണ്ടു്. ചില മന്ത്രിമാർക്കും ഈ അനുഭവം ഉണ്ടായിട്ടുണ്ടു്. സാധാരണ ഗതിയിൽ സമരങ്ങളും ഉള്ളതുപോലെ ഇങ്ങനെയുള്ള കാര്യങ്ങളും കണക്കാക്കാം. ബഹുമാനപ്പെട്ട മെമ്പർമാർക്കു് ഇവിടെ വരുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതു് ആവശ്യമായതുകൊണ്ടു് ഇക്കാര്യത്തിൽ കുറച്ചുകൂടുതൽ ശ്രദ്ധചെലുത്തുന്നതു നന്നാണെന്നു് നിർദ്ദേശിക്കുന്നതോടൊപ്പം പോലീസുകാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്.

കോഴിക്കോടു് കളക്ടറേറ്റിനു മുൻപാകെ സത്യാഗ്രഹം ചെയ്തുകൊണ്ടിരുന്നു് കോൺഗ്രസ് പ്രവർത്തകന്മാരുടെമേൽ ലാത്തിച്ചാർജ്ജുനടത്തിയതു സംബന്ധിച്ചും കരുവാറ്റായിൽ രണ്ടു സംഘം കർഷകത്തൊഴിലാളികളും തമ്മിൽനടന്ന സംഘട്ടനത്തെ സംബന്ധിച്ചും ഉള്ള അടിയന്തിരപ്രമേയങ്ങളെ സംബന്ധിച്ചു് ഇവിടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടു്. മുതുകുളം എന്ന സ്ഥലത്തു നടന്ന സംഭവങ്ങളെക്കുറിച്ചു് ഇന്നും ഒരു അടിയന്തിരപ്രമേയം ഉണ്ടു്.

മുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു്: സർ, കോഴിക്കോട്ടു നടന്ന സംഭവത്തിന്മേൽ ആവശ്യമായിട്ടുള്ള നടപടി എടുക്കാം. ഇത്തരം സംഭവം ഇതിനുമുമ്പും ഇന്നാണെന്നവണ്ണം ഉണ്ടായിട്ടുണ്ടു്. അതിനു വേണ്ട നടപടി എടുത്തു ഇന്നും ഇത്തരത്തിലുള്ള സംഭവം നടന്നതിൽ ഞാൻ ഖേദിക്കുന്നു. വേണ്ട നടപടി എടുക്കാം.

അടിയന്തിരപ്രമേയത്തിന്മേൽ സംബന്ധിച്ചിടത്തോളം ഇന്നലെ ഇവിടെ ഉന്നയിക്കപ്പെട്ട കരുവാറ്റാ സംഭവവും ഇന്നു് ഇവിടെ പറഞ്ഞ മുതുകുളം സംഭവവും ഇന്നലെയും ഇന്നുമായി ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞതായിട്ടു് റിക്കാർഡുകളിൽ കാണുന്നുണ്ടു്. ഈ രണ്ടു സംഭവങ്ങളും തമ്മിൽ ബന്ധപ്പെട്ടാണു് കിടക്കുന്നതു്. എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ടുകളനുസരിച്ചു് കുട്ടനാടുമായി ബന്ധപ്പെട്ട കിടക്കുന്ന ആ പ്രദേശങ്ങളിൽ ഭൂമിയെ കർഷകത്തൊഴിലാളികളും തമ്മിലുള്ളബന്ധം സംബന്ധിച്ചു് ഒരു സംഘർഷാവസ്ഥ കുറച്ചുദിവസമായിട്ടു് വളർന്നു വരികയായിരുന്നു. പോലീസും ഐ ജി. യിൽനിന്നും കിട്ടിയ റിപ്പോർട്ടുപ്രകാരം ഇതു വെറും ലാന്റ് ആൻഡ് ആർഡർ കാര്യമായിമാത്രം കണക്കാക്കാൻ പറ്റിയ ഇനമല്ല തൊഴിൽ പ്രശ്നം കൂടിയാണു്. അതുകൊണ്ടു് ഈ പ്രശ്നം പരിഹരിക്കുന്നതിനു് പോലീസും ആവശ്യമായ നടപടിയെടുക്കുന്നതിനോടൊപ്പംതന്നെ തൊഴിൽവകുപ്പു് മുഖേന ഈ പ്രശ്നം പരിഹരിക്കുന്നതിനു് ആവശ്യമായിട്ടുള്ള നടപടി എടുക്കണമെന്നുകൂടി

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിൽ ഉണ്ട്. ഇതു് സംബന്ധിച്ചു് നടപടി എടുത്തുവരുന്നുണ്ടു്. ഇന്നലെ തന്നെ ഇവിടെവച്ചു് തൊഴിൽ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ രണ്ടു വിഭാഗക്കാരുടെയും പ്രതിനിധികളെ ക്ഷണിച്ചുവരുത്തി സംഭവം നടക്കുകയുണ്ടായി. ആ സംഭവത്തിൽവച്ചു് തൊഴിൽതർക്ക പ്രശ്നത്തിന്റെ പ്രധാനമായ ഒരു വശത്തെ സംബന്ധിച്ചു് ഒത്തുതീർപ്പു് ഉണ്ടായിട്ടുണ്ടു്. ഇനിയും ചില പ്രശ്നങ്ങൾ ബാക്കി നിൽക്കുന്നുണ്ടു്. ആ വഴിക്കുള്ള ശ്രമങ്ങൾകൂടി നടത്തിക്കൊണ്ടിരിക്കുകയാണു്.

അതേയവസരത്തിൽ ഇതു് തൊഴിൽപ്രശ്നം സംബന്ധിച്ചുള്ളതായാലും സംഘർഷാവസ്ഥ വളർന്നുവരുന്നയവസരത്തിൽ പോലീസുക്കാർക്കു് നടപടി എടുക്കേണ്ടതുണ്ടു്. അതു് എടുത്തുവരുന്നുണ്ടു്. ഈ രണ്ടു സംഭവങ്ങളെ സംബന്ധിച്ചു് പോലീസ് എടുത്തിട്ടുള്ള നടപടിയെ സംബന്ധിച്ചു് പറയുകയാണെങ്കിൽ എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ടനുസരിച്ചു് അവസാനത്തെ കണക്കു് തുടങ്ങുന്നതു് പതിനാറു പേരെയും കരുവാറായിൽ അഞ്ചു പേരെയും അറസ്റ്റു് ചെയ്തിട്ടുണ്ടെന്നാണു്. അറസ്റ്റുകൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണു്. ആ പ്രദേശങ്ങളിൽ പോലീസ് ബന്തവസ്സു് ചെയ്തിട്ടുണ്ടു്. കൂടുതൽ പോലീസിനെ അങ്ങോട്ടു് അയച്ചിട്ടുണ്ടു്. ഇതുസംബന്ധിച്ചു് കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടു്. അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്. അവിടെ നടന്ന സംഭവങ്ങളും ബോംബേറുകളും, ഏതാനും വീടുകളും കൊള്ളിവച്ചിട്ടുണ്ടു്, അടിനടന്നിട്ടുണ്ടു്; ഇതിന്റെയെല്ലാം ഫലമായിട്ടു് അവിടെ സംഘർഷാവസ്ഥ ഉണ്ടായിരുന്നു. അതു ക്രമത്തിൽ വരികയാണു്, അതു് തീക്ഷ്ണതയിലവശ്യമായ നടപടി പോലീസ് എടുത്തു വരികയാണു്.

അതുപോലെതന്നെ നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെയുള്ള ഈ തൊഴിൽതർക്കപ്രശ്നങ്ങളുടെ പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നടപടികൾക്കുകൂടി എടുക്കുന്നുണ്ടു്. സംഘർഷാവസ്ഥ കുറഞ്ഞിട്ടുണ്ടെന്നാണു് മനസ്സിലാക്കുന്നതു്. ഇന്നലത്തെ സംഭവത്തിനുവേണ്ടി ഇവിടെ കൂടിയ ഡി.എസ്.പി.യും പിരിഞ്ഞുപോയി. കൂടിയവരെ തിരിച്ചുകണ്ടു സംസാരിക്കാൻ ഇടയായി. ഡി.എസ്.പി.യുടെയിട്ടു് ബന്ധം വച്ചുവരുന്നുണ്ടു്. ഈ സംഘർഷാവസ്ഥ കുറയുമെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്.

ഇനി പേരെ ഒരു സംഭവം ഇന്നലത്തെ അടിയന്തിരപ്രമേയത്തിൽ പറഞ്ഞതാണു്. തൃശ്ശൂരിൽ പടിഞ്ഞാറെക്കോട്ടയിൽ നടന്ന സംഭവമാണു്. ഇതിനെ സംബന്ധിച്ചു് കിട്ടിയിട്ടുള്ള റിപ്പോർട്ടു് ഏതാണ്ടു് അമ്പതോളം യു.ഡി.എഫ്. കൺഗ്രസ് പ്രവർത്തകർ ഇരുപതാം തീയതി തൃശ്ശൂർ കളക്ടറേറ്റു് പിക്കറ്റുചെയ്തു കൂടുതൽ ആളുകൾ കളക്ടറേറ്റു പിക്കറ്റുചെയ്തു. എങ്കിലും പിക്കറ്റുചെയ്ത 50 ആളുകൾ ബസ്സാണ് സ്പോർട്ട് ബസ്സിൽക്കയറിയിട്ടു് ബസ്സിന്റെ ചാർജ്ജു കൊടുക്കുകയില്ലെന്നു പറഞ്ഞും പടിഞ്ഞാറേക്കോട്ട എന്ന സ്ഥലത്തു വന്നപ്പോൾ ബസ്സിലുണ്ടായിരുന്ന കണ്ടക്ടറും ഡ്രൈവറും ബസ്സു് നിറുത്തി അവരോടു് ഇറങ്ങാൻ പറഞ്ഞു അതു സംബന്ധിച്ചു് തർക്കമുണ്ടായി. അതേതുടർന്നു് ആ പ്രദേശത്തുണ്ടായിരുന്ന കുറച്ചു് ഹെഡ്‌ലോഡു് തൊഴിലാളികളും യൂത്തുകൺഗ്രസ് പ്രവർത്തകരും തമ്മിൽ ഏറ്റുമുട്ടലുണ്ടായി. അതേതുടർന്നു് പോലീസ് ഇടപെടുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. അവിടെ ഇപ്പോൾ ഇതു സംബന്ധിച്ചു് ഒരു സംഘർഷാവസ്ഥയുമില്ല. കേസ്സു് രജിസ്റ്റർ ചെയ്തിട്ടുണ്ടു് നടപടി എടുത്തുവരുന്നുണ്ടു്.

മൂന്നാമത്തെ സംഭവം കോഴിക്കോട്ടാണു്. കോഴിക്കോട്ടു് കളക്ടറേറ്റിനു മുമ്പിൽ പിക്കറ്റിംഗു് നടന്നു. ആ പിക്കറ്റിംഗിൽ പങ്കെടുത്ത 306 പേരെ അറസ്റ്റുചെയ്തു. അവരെ ഏതാനും മണിക്കൂർകഴിഞ്ഞിട്ടു വിട്ടു. അതുകഴിഞ്ഞിട്ടു് അവർ വീണ്ടും വന്നു വന്നിട്ടു കളക്ടറേറ്റിനകത്തേയ്ക്കു തള്ളിക്കയറി കളക്ടറും സെക്രട്ടറിയേറ്റും തുടങ്ങിയുള്ള ആഫീസുകളിലേക്കു തള്ളിക്കയറുന്ന സന്ദർഭം ഉണ്ടാകുന്നയവസരത്തിൽ തീർച്ചയായിട്ടും പോലീസിനു് ഇടപെടേണ്ടതായിവരും.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സെക്രട്ടേറിയറ്റിൽ കയറിയസമയത്തു് നടപടി എടുക്കേണ്ടിവന്നിട്ടുണ്ടു്. അതു ഈ സഭയിൽത്തന്നെ പരാമർശിച്ചിട്ടുണ്ടു്. കളക്ടറേറ്റിന്റെ ഗേറ്റിൽ പിക്കറ്റുചെയ്യുന്ന സ്ഥിതിവിശേഷമല്ല, അകത്തോട്ടു കയറുമ്പോൾ ഉണ്ടാകുന്നതു്. കളക്ടറേറ്റിനകത്തുതള്ളിക്കയറി കോമ്പൗണ്ടിൽ എത്തിക്കഴിഞ്ഞു വീണ്ടും നീങ്ങിത്തുടങ്ങിയപ്പോൾ പോലീസിനു ഇടപെടേണ്ടിവന്നു. പോലീസു് ഇടപെട്ടപ്പോൾ കല്ലേറു് നടന്നു. കല്ലേറു് നടന്ന അവസരത്തിൽ പോലീസിനു് ബലപ്രയോഗം നടത്തേണ്ടിവന്നു; പോലീസുകാരും മനുഷ്യരാണല്ലോ. ലാത്തിച്ചാർജ്ജു ചെയ്തു, ടിയർഗ്യാസു് പ്രയോഗിച്ചു; ഇതെല്ലാം ദൌർഭാഗ്യകരമാണു്. പക്ഷേ ഈ ദൌർഭാഗ്യകരമായ നടപടിയ്ക്കു കാരണമാക്കിയതു്, പ്രകടനങ്ങളും പിക്കറ്റിംഗും നടത്തുമ്പോൾ പാലിക്കേണ്ട ചില മര്യാദകളുണ്ടു്, അതെല്ലാം ലംഘിച്ചു് കളക്ടറേറ്റിനകത്തേയ്ക്കു തള്ളിക്കയറുമ്പോൾ പോലീസിനു് നടപടി എടുക്കേണ്ടിവരും. അതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യമാണു്. ഈ മുന്നു സംഭവങ്ങളിലും പോലീസിനു് എടുക്കാവുന്ന നടപടികളും എടുത്തിട്ടുണ്ടു്. അതിൽ അവിടെയും സ്വല്പം എക്സസ് വന്നിട്ടുണ്ടോ ഇല്ലയോ എന്ന കാര്യത്തിലേയ്ക്കു ഞാൻ കടക്കുന്നില്ല. ഏതായാലും കളക്ടറേറ്റിനും സെക്രട്ടേറിയറ്റിനും അകത്തേയ്ക്കു തള്ളിക്കയറുന്ന അവസരത്തിൽ പോലീസിനു് ഇടപെടേണ്ടി വരുമ്പോൾ മൻമോഹനം നിന്നു എല്ലാം ചെയ്യാൻ കഴിഞ്ഞെന്നുവരികയില്ല; പക്ഷേ ഇത്തരത്തിലുള്ള സംഭവങ്ങളും ഒഴിവാക്കുന്ന കാര്യത്തിൽ ഈ സഭയിലും പുറത്തുമുള്ള എല്ലാ വിഭാഗം ആളുകളും ശ്രദ്ധിക്കണമെന്നു് ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണു്.

കരുവാറ്റയിലും മുതുകുളത്തും നടന്ന സംഭവങ്ങളും തമ്മിൽ ബന്ധപ്പെട്ടവയാണു്. കരുവാറ്റയിലെ ഒരു ഭൂടമയായ ഉദയഭാനുവിന്റെ കീഴിൽ ഉള്ള തൊഴിലാളികളും അദ്ദേഹവും തമ്മിൽ തർക്കം ഉണ്ടായിരുന്നു. അതേ തുടർന്നുള്ള സംഭവമാണു് മുതുകുളത്തും നടന്നതു്.

ശ്രീ. കെ. കരുണാകരൻ: അടിയന്തിര പ്രമേയം അനുവദിക്കണമെന്നു് സബ്മിഷൻ ഉണ്ടു്. മുഖ്യമന്ത്രി പറഞ്ഞതെല്ലാം യഥാർത്ഥ വസ്തുതയല്ല. മറ്റു കാര്യങ്ങളിലേയ്ക്കു് കടക്കുന്നില്ല. ഇതിനുമുമ്പും ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടായ അവസരത്തിൽ മുഖ്യമന്ത്രി ഇനി ഇതു് ആവർത്തിക്കപ്പെടുകയില്ലെന്നു് ഈ സഭയ്ക്കു ഉറപ്പു് നൽകിയിട്ടുണ്ടു്. ഇതിന്റെ എല്ലാ വശങ്ങളും പരിഗണിക്കുന്നതിനായിട്ടു് ഒരു ചർച്ച അനുവദിക്കേണ്ടതാണു്. തൊഴിൽത്തർക്കം പരിഹരിക്കാൻ പുറപ്പെടുവിക്കുന്ന പരിപാടി അനുവദിച്ചുകൊടുക്കുന്നതു്.....

[ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. പി. കെ. കുഞ്ഞച്ചൻ തുടങ്ങി പല മെമ്പർമാരും പായിൻറു് ഓഫ് ആർഡർ ഉന്നയിച്ചുകൊണ്ടു് എഴുന്നേറ്റു നിന്നു]

മി. സ്പീക്കർ: ഓർഡർ, ഓർഡർ. മി. കരുണാകരനു് ഇതിനെ സംബന്ധിച്ചു് സംസാരിക്കാൻ സമയം ഞാൻ അനുവദിച്ചതാണു്.

ശ്രീ. കെ. കരുണാകരൻ: ബസ്സിൽ കയറി ടിക്കറ്റു് എടുക്കാത്തതു്, ചുമട്ടു തൊഴിലാളികളെ അതു കൈകാര്യം ചെയ്യുക, കളക്ടറേറ്റു പിക്കറ്റുചെയ്യുന്ന സമയത്തു പോലീസിനുനേരെ കല്ലേറുണ്ടായാൽ ലാത്തിച്ചാർജ്ജോ മറ്റോ നടത്താൻ നിയമം അനുവദിക്കെ പോലീസു് വെറും ഗുണ്ടകളെപ്പോലെ തിരിച്ചു കല്ലെറിയുക ഇത്തരം സ്ഥിതിവിശേഷമാണു് ഇന്നിവിടെയുള്ളതു്. അതിനെക്കുറിച്ചു് അന്വേഷിക്കാൻ പോലും മുഖ്യമന്ത്രി തയ്യാറല്ല. മുഖ്യമന്ത്രി ഈ സഭയ്ക്കു കൊടുക്കുന്ന ഉറപ്പു് പാലിക്കാറില്ല. അതുകൊണ്ടു് ഈ കാര്യങ്ങളെക്കുറിച്ചു് വിശദമായ ഒരു ചർച്ച അനുവദിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: മിനിഞ്ഞാന്നത്തെ സംഭവത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുമായി ബന്ധപ്പെട്ടത്തിയും അല്ലാതെയും പറഞ്ഞ കാര്യങ്ങളും വസ്തുതകൾക്ക് നിരക്കുന്നതായാണ്. മുതുകുളവും കരുവാറ്റയും മേഖലകളിൽ നിലനിൽക്കുന്നത് തൊഴിൽപ്രശ്നമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു.

എന്തു സംഭവവികാസമുണ്ടായാലും, പോലീസ് സ്റ്റേഷൻ നിൽകടന്ന് അവിടെയുള്ള വരെ വെട്ടിക്കൊന്നാൽവരെ സാമൂഹ്യ പ്രശ്നമാണെന്നും തൊഴിലാളി പ്രശ്നമാണെന്നും അങ്ങേഹം പറയാറുണ്ട്. പക്ഷേ ഈ ആർ. സി. യിൽ തീരുമാനിക്കുന്നതനുസരിച്ചുള്ള എല്ലാ വ്യവസ്ഥകളും പാലിക്കാൻ മുതലാളിമാർ തയ്യാറാണ്; അതിൽകൂടുതലും ചെയ്യാൻ തയ്യാറാണ്. പിന്നെ എന്തു തൊഴിൽ പ്രശ്നമാണ് സർ? അതൊന്നുമല്ല, സെക്രട്ടറിയേറ്റ് മുതൽ ഈ രാജ്യത്തിന്റെ വടക്കേ അതിർത്തിവരെ രേണവും സമരവും ഒരുമിച്ചു നടത്തുമെന്നുപറഞ്ഞു കൊണ്ടുള്ള നിയമസമാധാനം തകർക്കലാണ് നടക്കുന്നത്. അതുകൊണ്ട് ഇതു ചർച്ച ചെയ്യണം. കാർഷികമേഖലയിൽ സമാധാനം പുനഃസ്ഥാപിക്കാൻ കഴിഞ്ഞാലേ നല്ല വിളവുണ്ടാകുകയുള്ളൂ. ഇവിടെ സമാധാനമില്ലാതായിരിക്കുകയാണ്. മന്ത്രിമാർക്കുപോലും രക്ഷയില്ല. വിദ്യാഭ്യാസമന്ത്രിയുടെ കാറിനു കല്ലെറിഞ്ഞു് അദ്ദേഹത്തിന്റെ ജീവൻ അപകടപ്പെടുത്തിയതും നമുക്കറിയാം.

ശ്രീ. മത്തായിമാഞ്ഞൂരാൻ: വിദ്യാഭ്യാസമന്ത്രി അവിടെ ഇരിപ്പുണ്ടല്ലോ

ശ്രീ. കെ. എം. ജോർജ്ജ്: ശക്തനായ മന്ത്രി ശ്രീ. പി. ആർ. കുറുപ്പ് പാളയം വളവിൽ കൂടി എടുത്തുചാടി ഓടുന്നതു് ഞാൻ കണ്ടതാണ്. ഇതൊക്കെ സാമൂഹ്യപ്രശ്നമാണെന്നും പ്രത്യയശാസ്ത്രമാണെന്നുമൊക്കെ പറയുന്നതു് അഭ്യാസത്തിനു കൊള്ളാമെന്നല്ലാതെ അതൊന്നും ഞങ്ങളോടു പറയേണ്ടയാവശ്യമില്ല. അതുകൊണ്ട് ഇതു ചർച്ച ചെയ്യുകതന്നെവേണം. മന്ത്രിമാർക്കു രക്ഷയില്ല, എം. എൽ. എ മാർക്കു രക്ഷയില്ല. ആർക്കും രക്ഷയില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. എം. ജോർജ്ജ്, ഇന്നലെയും, മിനിഞ്ഞാന്നും നടന്ന സംഭവങ്ങളെക്കുറിച്ച് പറഞ്ഞു. മുതുകുളത്തും, കരുവാറ്റയിലും മിനിഞ്ഞാന്നതന്നെയാണ് നടന്നിട്ടുള്ളതു്. കരുവാറ്റയിലും മുതുകുളത്തും നടന്ന സംഭവങ്ങൾ പരസ്പരം ബന്ധമുള്ളവയാണ്. ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടികാണിച്ച കുട്ടനാട്ടം പരിസര പ്രദേശത്തും കാർഷിക പുള്ളി താലൂക്കിലും യഥാർത്ഥകർഷകനും കർഷകതൊഴിലാളികളും തമ്മിലുള്ള ബന്ധം ഏറ്റവും സൗമനസ്യപൂർണ്ണമായ ഒരന്തരീക്ഷത്തിൽ ആയിട്ടുണ്ട്. കൂടിയാലോചനകളും തീരുമാനങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ അവയെ ഏകപക്ഷീയമായി ലംഘിച്ചുകൊണ്ട് കോൺഗ്രസ്സ് നേതൃത്വത്തിലുള്ള കർഷകസംഘം പ്രവർത്തകർ ആയുധധാരികളായി കർഷകതൊഴിലാളികളെ കരുവാറ്റയിലും മുതുകുളത്തും നേരിട്ടതിന്റെ ഫലമായി തൊട്ടുത്തുവിടപ്പെട്ട വികാരങ്ങളാണ് ഈ സംഭവങ്ങൾക്കു കാരണം. ഇതു് അങ്ങേയറ്റം ഖേദകരമാണ്. ഒഴിവാക്കാൻ കഴിയുമായിരുന്ന സംഭവങ്ങളാണിവ. അംഗീകരിക്കപ്പെട്ട തത്വങ്ങളെ ലംഘിച്ചുകൊണ്ട് കോൺഗ്രസ്സുഗുണ്ടാകൂം ഈ രീതിയിൽ പ്രവർത്തനം നടത്തിയില്ലായിരുന്നെങ്കിൽ ഇതു് ഒഴിവാക്കാൻ കഴിയുമായിരുന്നു. ഈ രീതിയിൽ പ്രകോപനം സൃഷ്ടിച്ചശേഷം, അതിന്റെ ഫലമായുണ്ടാകുന്ന സംഭവങ്ങളെ സംബന്ധിച്ച് ഇങ്ങനെയൊക്കെ സംസാരിച്ചിട്ടു കാര്യമില്ല.

(അനേകം പ്രതിപക്ഷ മെമ്പർമാരുടെ ശബ്ദം)

മി. സ്പീക്കർ: ആർഡർ ആർഡർ കോൺഗ്രസ് ഗുണ്ടാകൂം എന്നു പറഞ്ഞതു ശരിയായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കാൺഗ്രസ് ഗുണ്ടായിസം എന്നു പറഞ്ഞതു ഞാൻ പിൻവലിക്കുന്നു. കാൺഗ്രസ് പ്രവർത്തകരായ ആയുധധാരികളും നടത്തിയ ഗുണ്ടായിസം.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, എനിക്കു രണ്ടു വാക്കു പറയാനുണ്ടു്. കോഴിക്കോട്ടു നടന്ന അതിരാത്രമായ ലാത്തിചാർജിനെ സംബന്ധിച്ചു് മുഖ്യമന്ത്രി നടത്തിയ വിശദീകരണത്തിൽ നിന്നു് വളരെയധികം കാര്യങ്ങൾ വ്യക്തമാകുന്നുണ്ടു്. ലാത്തിചാർജ് നടന്നുവെന്നു സമ്മതിച്ച മുഖ്യമന്ത്രി പത്രത്തിൽ വായിച്ചുകാണും. നിരപരാധികളായ യുവജനങ്ങളുടെ നേരെ പോലീസ് കല്ലേറു നടത്തിയ കാര്യം വിശദമായ വിവരം ലഭിച്ചിട്ടില്ലെന്നു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുന്നുണ്ടു്. പക്ഷേ എക്സസ് ഉണ്ടായിട്ടുണ്ടു് എന്നു് അദ്ദേഹം സമ്മതിക്കുകയുണ്ടായി. പോലീസ് അതിരുകടന്ന പ്രവർത്തനം നടത്തിയിട്ടുണ്ടെന്നു് അദ്ദേഹം വ്യക്തമായി സമ്മതിച്ചിരിക്കെ, അദ്ദേഹം തന്നെ സമ്മതിച്ച ആ പോലീസ് എക്സസിനെ സംബന്ധിച്ചിടത്തോളം ഒരു പരസ്യാന്വേഷണം നടത്താമെന്നു ധീരമായി പ്രഖ്യാപിക്കാൻ പോലീസ് മന്ത്രിയായ മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. എ.വി. ആര്യൻ: സർ, ഞാനും നോട്ടീസ് നൽകിയിട്ടുണ്ടു്. അപ്പുറത്തിരിക്കുന്നവരിൽ നോട്ടീസു നൽകിയിട്ടുള്ളവരെ സംസാരിക്കാൻ അനുവദിക്കുകയാണെങ്കിൽ എന്നെയും അനുവദിക്കണം. അപ്പുറത്തിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം 'കോൺഗ്രസ് ഗുണ്ടകൾ' എന്നു വിളിക്കുന്നതു് ആക്ഷേപകരമാണെന്നു ഞാൻ സമ്മതിക്കുന്നു. അപ്പുറത്തിരിക്കുന്ന 'ബ്രാഹ്മണർക്കു്' ഞങ്ങളെപ്പോലുള്ള 'അധഃകൃതരെ' മാർക്സിസ്റ്റു ഗുണ്ടകൾ എന്നു വിളിക്കാമെങ്കിൽ ഞങ്ങൾ അങ്ങോട്ടു് തിരിച്ചു വിളിക്കുന്നതിലും ഒരപകടവും ഉണ്ടാകുകയില്ല.

മി. സ്പീക്കർ: അങ്ങനെതന്നെ വിളിക്കണമെന്നു ബഹുമാനപ്പെട്ട മെംബർമാർക്കു് ആഗ്രഹമുണ്ടെങ്കിൽ സഭയ്ക്കു പുറത്തുപോയി വിളിച്ചാൽമതി; സഭയിൽ വിളിക്കണ്ട.

ശ്രീ. എ.വി. ആര്യൻ: ഞങ്ങൾ വിളിക്കുമ്പോൾ മാത്രം തടയുകയാണു്. ഞങ്ങളെ മാത്രമാണു തടയുന്നതു്. ഈ പ്രാവശ്യം തന്നെ അവർ മാർക്സിസ്റ്റു ഗുണ്ടകളെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, പച്ചക്കള്ളം പറയുകയാണു്.

മി. സ്പീക്കർ: പച്ചക്കള്ളമൊന്നും സഭയിൽ പറയാൻ പാടില്ല.

ശ്രീ. എ. വി. ആര്യൻ: ഇതുതന്നെയാണു സർ അപ്പുറത്തിരിക്കുന്നവരുടെ രീതി. ഇതു് ഇനിയെങ്കിലും മാറണം. ഞാൻ പറഞ്ഞുവന്നതു് ബഹുമാനപ്പെട്ട കരുണാകരൻ തൃശ്ശൂർ സംഭവത്തെപ്പറ്റി പറഞ്ഞപ്പോൾ, സ്റ്റേറ്റ് ട്രാൻസ്പോർട്ടു ബസ്സിൽ കയറിയവരെ ചുമട്ടുതൊഴിലാളികൾ കൈയ്യേറ്റം ചെയ്ത എന്ന രീതിയിൽ അതു് അവതരിപ്പിച്ചതിനെക്കുറിച്ചാണു്. അവിടെ നടന്നതു പടഞ്ഞാറെ കോട്ടക്കാർന്നായ കണ്ടക്ടറെ യൂത്തു കോൺഗ്രസ് ഗുണ്ടകൾ ചാടിച്ചു പോദിച്ചതിനു് കൈയ്യേറ്റം ചെയ്യുന്നതുകണ്ടപ്പോൾ കണ്ടക്ടറുടെ ബന്ധുക്കളും നാട്ടുകാരും ഇടപെടുകയാണു് ചെയ്തതു്. അതിൽ ചില ചുമട്ടുതൊഴിലാളികളും പെട്ടുപോയിട്ടുണ്ടാവാം എന്നു മാത്രം.

ശ്രീ. ജോസഫ് പാഴിക്കാട്ട്: സർ, ഒന്നും വ്യക്തമാകുന്നില്ല.

മി. സ്പീക്കർ: വിശദാംശങ്ങളിലേക്കൊന്നും പോകേണ്ടകാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ഏകപക്ഷീയമായ ഉണ്ടായിട്ടുണ്ടെന്നു ഞാൻ സമ്മതിച്ചിട്ടുണ്ട്. അതുകൊണ്ടു പരസ്യാന്വേഷണം നടത്തണം എന്നു ബഹുമാനപ്പെട്ട കെ. ടി. ജോർജ്ജ് പറയുകയുണ്ടായി. ഞാൻ പറഞ്ഞതു് അതല്ല. കളക്ടറുടെ കാംപ്ഓഫീസിലേക്കു് ആളുകൾ തള്ളിക്കടന്നു. അതേത്തുടർന്നു, കളക്ടറുടെ ആഫീസിലേക്കും തള്ളിക്കയറത്തക്ക സാഹചര്യമുണ്ടായി. അങ്ങനെയുണ്ടായപ്പോൾ പോലീസ് ഇടപെട്ടു. ഇടപെട്ടു ഉടനെ കല്ലെടുത്തു എറിയുകയുണ്ടായി. കല്ലേറു കൊള്ളുന്ന പോലീസ് എങ്ങനെയായിരിക്കും എന്നു ചില സ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളം ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. കല്ലേറിൽനിന്നു രക്ഷപ്പെടുന്നതിനുള്ള ചില ഏർപ്പാടുകൾ ഉണ്ടു്, ഹെൽമറ്റും മറ്റും അതിവിടെ വന്നിട്ടില്ല. കളക്ടറേറ്റിലേക്കു് തള്ളിക്കയറി കല്ലേറു് നടത്തുന്ന ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി ഇടപെടുന്ന അവസരത്തിൽ മനുഷ്യരല്ലേ—കുറെ എക്സസ് ഉണ്ടായി എന്നു വരാം. അതിനെക്കുറിച്ചു് ബഹുമാനപ്പെട്ട മെമ്പർമാർ ഇത്രയും പറയുന്ന അവസരത്തിൽ, കളക്ടറേറ്റിലേക്കു് തള്ളിക്കയറി എന്നതിനെക്കുറിച്ചു് യാതൊരു ആവേശവും കാണിക്കുന്നില്ല. ആളുകൾ ഈ സെക്രട്ടേറിയറ്റിലേക്കു തള്ളിക്കയറിയാലും അസംബ്ലി മന്ദിരത്തിലേക്കു കയറിയാലും യാതൊരാവേശവും ഇല്ല.

ശ്രീ. കെ. കരുണാകരൻ: സർ.....

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്:((സർ, ഈ ഏർപ്പാടു് ഒന്നു് നിറുത്തണം.

അങ്ങനെയുള്ള സന്ദർഭത്തിൽ ഒരുപക്ഷേ എക്സസ് ഉണ്ടാകാം. ഉണ്ടെങ്കിൽ അതുസംബന്ധിച്ചു് ഡിപ്പാർട്ടുമെൻറലായി അന്വേഷണം നടത്തും. പക്ഷേ ജനക്കൂട്ടം കളക്ടറേറ്റിലേക്കു തള്ളിക്കയറിക്കൊണ്ടിരിക്കയാണെന്നുള്ള വിഷമം പിടിച്ച സ്ഥിതിയിൽ അതിനെതിരായി പോലീസ് എന്തെങ്കിലും ചെയ്തുപോയിട്ടുണ്ടെങ്കിൽ അതൊരു മഹാപാപമാണെന്നുള്ള നിലപാടു് അംഗീകരിക്കാൻ നിവൃത്തിയില്ല.))

പിന്നെ, മുഖ്യമന്ത്രി ഇവിടെ നൽകിയിട്ടുള്ള ഉറപ്പിന്റെ ലംഘനമാണെന്നു പറഞ്ഞു. ഉറപ്പിനെക്കുറിച്ചു് പറയുകയാണെങ്കിൽ ഇത്തരത്തിൽ അതിക്രമപ്രവർത്തനം പാടില്ല എന്നുള്ളതാണു് അതു്. ആ അതിക്രമപ്രവർത്തനം അപ്പുറത്തുനിന്നുണ്ടായാൽ പിന്നെ എങ്ങനെയാണു് ലംഘിക്കാതിരിക്കുക((കല്ലേറിയുന്നതിനെ ന്യായീകരിക്കുന്ന ബഹുമാനപ്പെട്ട മെംബർമാരുണ്ടെങ്കിൽ ആ കല്ലേറു കൊള്ളുന്ന പോലീസ് വളരെ അഹിംസാത്മകമായി പ്രവർത്തിക്കണമെന്നുകൂടി അവർ പറഞ്ഞാൽ അതു നടപ്പില്ല)) തൊഴിൽത്തർക്കത്തിന്റെ സൗകര്യമാണെങ്കിൽ ഞാൻ ഊന്നിപ്പറഞ്ഞതു്, പോലീസ് നടപടികൊണ്ടുമാത്രം പരിഹരിക്കാൻ സാധിക്കുകയില്ലെന്നാണു്. പോലീസ് നടപടിയെടുത്തിട്ടുണ്ടു്. അതിനിടയ്ക്കു് വീടുകത്തിച്ചു എന്നു പറഞ്ഞാൽ എല്ലാവരുടെയും വീടു് കത്തിച്ചിട്ടുണ്ടെന്നുകൂടി ഓർമ്മിക്കണം. വീടു് കത്തിച്ചുവെന്നു് ആവലാതിപ്പെടുന്നവർ തന്നെ വേറെ ചിലരുടെ വീടു് കത്തിച്ചിട്ടുണ്ടു്. അതിനെക്കുറിച്ചൊന്നും ഞാൻ പറഞ്ഞില്ല. തല്ലുണ്ടായിട്ടുണ്ടു്. സ്ത്രീകളെ തല്ലിയിട്ടുണ്ടു്. വീടു് കത്തിച്ചിട്ടുണ്ടു്. പലതും നടന്നിട്ടുണ്ടു്. രണ്ടുഭാഗത്തും നടന്നിട്ടുണ്ടു്. സംഘർഷാവസ്ഥയുണ്ടാകുമ്പോൾ രണ്ടുഭാഗത്തുനിന്നും നടപടിയുണ്ടാകും. രണ്ടുഭാഗത്തും എടുക്കേണ്ട രീതിയിലുള്ള നടപടികളും പോലീസ് എടുക്കുകയും ചെയ്തിട്ടുണ്ടെന്നാണു് മനസ്സിലാക്കുന്നതു്. പോരായ്മകളും കുറവും ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ പ്രത്യേകം നിർദ്ദേശം കൊടുക്കാം.

മി. സ്പീക്കർ: പല സ്ഥലങ്ങളിലും സംഘർഷാവസ്ഥയുണ്ടെന്നും തീച്ചയായിട്ടും അവ ഗുരുതരമാണെന്നും ഗവണ്മെൻറുദ്യോഗസ്ഥനിന്നു സമ്മതിക്കുന്നുണ്ടു്. അതുസംബന്ധിച്ചിടത്തോളം ഈ സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനും നിയന്ത്രണാധീനമാക്കുന്നതിനും ഗവണ്മെൻറു് വേണ്ട നടപടിയെടുക്കുന്നുണ്ടോ എന്നുള്ളതാണു് ഏറ്റവും പ്രധാന പ്രശ്നം. ഇതു ഗവണ്മെൻറു് ഗുരുതരമായി കണക്കാക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുമെന്നും സുശക്തമായ നടപടിയെടുക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരിക്കുകയാണു്. ആ സ്ഥിതിക്കു ഇവിടെ ചർച്ചചെയ്യേണ്ട കാര്യമെന്തെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. വേണ്ടിവന്നാൽ വേറെ ഏതെങ്കിലും സന്ദർഭത്തിൽ സംസാരിക്കാം.

അതുകൊണ്ടു അടിയന്തിരപ്രമേയമെന്നുള്ള നിലയിൽ ചർച്ചചെയ്യാൻ അനുവദിക്കുന്നില്ല.

ശ്രീ. കെ. കരുണാകരൻ: സർ, അടിയന്തിരപ്രമേയം അനുവദിക്കാതിരിക്കുന്നതിനെ ഞങ്ങൾ അംഗീകരിക്കുന്നു. എന്നാൽ, ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ മുഖ്യമന്ത്രി ചെയ്തിട്ടുള്ള പ്രസ്താവന വളരെ അതൃപ്തികരമാണു്. അതുകൊണ്ടു്.....

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഒരു പോയിന്റു് ഓഫ് ആർഡർ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ചർച്ച അനുവദിക്കുന്നില്ലെന്നു പറഞ്ഞു കഴിഞ്ഞാൽ പിന്നെ സംസാരിക്കുന്നതു ശരിയാണോ?

(ബഹളം)

ശ്രീ. കെ. കരുണാകരൻ: മുഖ്യമന്ത്രിയുടെ നിലപാടു് വളരെ അതൃപ്തികരമാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സ്പീക്കർ അനുവദിക്കുകയില്ലെന്നു പറഞ്ഞുകഴിഞ്ഞശേഷവും അതിനെപ്പറ്റി സംസാരിക്കുകയാണെങ്കിൽ ഞങ്ങൾക്കും സംസാരിക്കണം.

ശ്രീ. കെ. കരുണാകരൻ: സർ, മുഖ്യമന്ത്രിയുടെ ഈ നിലപാടിൽ പ്രതിഷേധിച്ചു ഞാനും എന്റെ പാർട്ടിയും വാക്കൗട്ടു നടത്തുകയാണു്.

[Shri K. Karunakaran followed by members of his party walked out of the House.]

ശ്രീ. കെ. എം. ജോർജ്ജു്: സർ, മുഖ്യമന്ത്രി വസ്തുതകൾക്കു് വിരുദ്ധമായിട്ടാണു് പറഞ്ഞിരിക്കുന്നതു്. ഒന്നുംചെയ്യാൻ ഉദ്ദേശിക്കുന്നില്ല എന്നാണു് മനസ്സിലാകുന്നതു്. ആക്ഷം രക്ഷയില്ലാതായിരിക്കുകയാണു്. മന്ത്രിമാർക്കും എം. എൽ. എ മാർക്കും രക്ഷയില്ല എന്നുള്ള സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണു്. ഈ നിലപാടിൽ പ്രതിഷേധിച്ചു് ഞാനും എന്റെ പാർട്ടിയും വാക്കൗട്ടു് നടത്തുകയാണു്.

[Shri K. M. George followed by the Members of his party walked out of the House]

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈ സഭ ഇത്ര അധഃപതിച്ചുപോയല്ലോ എന്നോർത്തുകൊണ്ടു് ഞാനും വാക്കൗട്ടു് നടത്തുകയാണു്.

[The Member walked out of the House.]

മി. സ്പീക്കർ:- വാക്കൗട്ടു നടത്താൻ പോകുമ്പോഴും എന്തെങ്കിലും സംസാരിക്കുവാൻ തുടങ്ങിയാൽ സാഹചര്യവും സന്ദർഭവും അനുസരിച്ചു എന്തായിരിക്കും നടക്കാൻ പോകുന്നതെന്നു മനസ്സിലാക്കാമെന്നിരിക്കേ, അതിനിടയിൽ ചാടി എഴുന്നേറ്റു ഇങ്ങനെ ചോദ്യം ചോദിക്കാൻ ആവേശം കാണിച്ചതു തെറ്റായിപ്പോയെന്നാണു് എനിക്കു തോന്നുന്നതു്.

(iii) Strike by the Members of the Kerala Nurses Association

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയെ ഇന്നലെ നോട്ടീസു് തന്ന ഒരു അടിയന്തിര പ്രമേയത്തെപ്പറ്റി സംസാരിക്കാൻ ക്ഷണിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ): സർ, നമ്മുടെ സംസ്ഥാനത്തു് ആതുരശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സഹോദരിമാർ സമരരംഗത്തേക്കു നീങ്ങിയിരിക്കുകയാണു്. അവർ ആവശ്യപ്പെട്ടിരുന്ന കാര്യങ്ങളിൽ ഏറ്റവും പ്രധാനമെന്നു് അവരുമായുള്ള ചർച്ചയിൽ നിന്നു മനസ്സിലാക്കാൻ സാധിച്ചതു്, അവർക്കു അനുവദിച്ചിരുന്ന മെസ്സലവൻസും, വാഷിംഗ് അലവൻസും മറ്റും തുടർന്നു് അനുവദിക്കുക എന്നതാണു്.

Restoration of mess allowance
Restoration of washing allowance
Revision of ratio of staff Nurses and head nurses
Revision of scale of pay of Nursing Superintendents.

വെറെയും ചില കാര്യങ്ങളും അവരുടെ മെമ്മോറാണ്ടത്തിൽ ഉണ്ടായിരുന്നെങ്കിലും, ഏറ്റവും പ്രാധാന്യം അർഹിക്കുന്നതായി അവരുമായുള്ള ചർച്ചയിൽ നിന്നു് എനിക്കു മനസ്സിലാക്കാൻ സാധിച്ചതു് മെസ്സലവൻസും വാഷിംഗ് അലവൻസും അനുവദിക്കണമെന്നതാണെന്നാണു്. ഈ അലവൻസുകളും നിറുത്തലാക്കിയതു് പേകമ്മീഷന്റെ റിപ്പോർട്ടിനെ തുടർന്നാണു്, സംസ്ഥാന ഗവണ്മെന്റു നിയമിക്കപ്പെട്ട ശമ്പള പരിഷ്കരണ കമ്മീഷൻ സബ്ബീസിലെ എല്ലാ കാര്യങ്ങളും പഠിച്ചിട്ടാണു് ഇങ്ങനെയൊരു തീരുമാനം എടുത്തതു്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു് ഗവണ്മെന്റു ഇതിനുമേൽ ഒരു തീരുമാനം എടുത്തതു്. ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ വാഷിംഗ് അലവൻസിനെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"Washing allowance granted in G O. (Rt.) No. 2258/68/PW, dated 20—5—1968 will be continued only in respect of categories on a scale of pay of or below Rs. 100—210. in all other cases the allowance will be discontinued.,,

ഈ തീരുമാന പ്രകാരമാണു് നഴ്സസിന്റെ വാഷിംഗ് അലവൻസു് നിർത്തലാക്കിയതു്. മെസ്സു് അലവൻസിനെപ്പറ്റി റിപ്പോർട്ടിൽ പറയുന്നതു് ഇങ്ങനെയാണു്:

"The nursing Staff of the Health Services Department including the hospitals attached to the Medical Colleges and the Schools of nursing are now given an allowance of Rs.30 p.m. towards meeting mess expenses while on duty.,,

"We are aware that the System of granting mess allowance to Nurses is prevalent in many States in India. As has been mentioned in the beginning, this has been due to historical reasons. We are of the opinion that the grant of adhoc allowances of this kind should be discontinued. the Mess Allowance and ration allowance as such may therefore be discontinued.,,

പേകമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണു് ഗവണ്മെന്റു വാഷിംഗ് അലവൻസും മെസ്സലവൻസും നിറുത്തലാക്കിയതു്. നേഴ്സസു അസ്സോസിയേഷൻ, വാഷിംഗ് അലവൻസു് ഇപ്പോഴും കിട്ടി കൊണ്ടിരിക്കുന്നതു് അതികയുന്നില്ല, കൂടുതൽ കിട്ടണം എന്നു് ആവശ്യപ്പെട്ടിരുന്ന ഒരു സാഹചര്യത്തിലാണു് അവർക്കു കൊടുത്തു വന്നിരുന്ന അലവൻസു തന്നെ നിറുത്തലാക്കാൻ ഇടയായതു്. മറ്റു വിഭാഗം ആളുകളെ അപേക്ഷിച്ചു് നേഴ്സസിന്റെ പ്രവർത്തന രംഗത്തിനു ചില പ്രത്യേകതകളുണ്ടു്. സബ്ബീസിലെ മറ്റുള്ളവർക്കു യൂണിഫാറം കൊടുക്കുന്നതുപോലെ നേഴ്സസിനു യൂണിഫാറം കൊടുത്താൽ [illegible]

LIBRARY ARCHIVES Kerala Legislative Assembly

വരെ അപേക്ഷിച്ച് നേഴ്സിന്റെ യൂണിഫാറം വൃത്തിയായി, സൂക്ഷിച്ച്, നന്നായി അയൺ ചെയ്ത കാഴ്ചപ്പക്ക വേണ്ടി മാത്രമല്ല, അവർ സേവനം അനുഷ്ഠിക്കുന്ന രംഗത്തെ രോഗികളുടെ രക്ഷയ്ക്ക വേണ്ടിയും ഭദ്രമാക്കേണ്ടതാവശ്യമാണ്. അതു കൊണ്ട മറ്റു സർവ്വീസിലുള്ളവർക്ക യൂണിഫാറം കൊടുക്കുന്നതു പോലെയുള്ള പരിഗണനമാത്രം അവരുടെ കാര്യത്തിൽ ഉണ്ടായാൽ പോരാ എന്നാണ് അവരുടെ അസ്സോസിയേഷൻ ആവശ്യപ്പെട്ടന്നത്. അതു പോലെ തന്നെ മെസ് അലവൻസിനെപ്പറ്റി അവർ പറയുന്നത് ദിവസം 13-ം 14-ം മണിക്കൂർവരെ ജോലി ചെയ്യേണ്ടി വരുന്നതിനാൽ, അവർ കൈകാര്യം ചെയ്യുന്ന ജോലിയുടെ സ്വഭാവവും പ്രത്യേകതയും പരിഗണിച്ച് ഇൻഡ്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും, ലോകത്തു പല സ്ഥലത്തും കൊടുത്തു വരുന്നതുപോലെ മെസ്സലവൻസു കൊടുക്കണമെന്നാണ്, ഈ പരിതസ്ഥിതിയിൽ ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യണമെന്ന ഗവണ്മെന്റു ആലോചിച്ച വരികയാണ്. നേഴ്സസ് അസോസിയേഷൻ സംസ്ഥാന വ്യാപകമായ ഒരു സമരം നടത്തുമെന്ന തീരുമാനത്തിലെത്തിച്ചേർന്നിരിക്കുന്നതു പരിതാപകരമാണ്. ഈ സംസ്ഥാനത്ത് ആതുരശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന അവർ ഒരു സമരത്തിലേർപ്പെടുക ഖേദകരമാണ്. അതുണ്ടാകാതിരിക്കാൻ ഗവണ്മെന്റിനെ കൊണ്ട ചെയ്യാവുന്നതെല്ലാം ചെയ്യുന്നുണ്ട്. നേഴ്സസ് അസോസിയേഷൻ ഭാരവാഹികളുമായി അതിനെപ്പറ്റി ചർച്ച ചെയ്തു. എന്നെ കൊണ്ട ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യാൻ തയ്യാറാണെന്ന അവർക്ക ഉറപ്പു നൽകിയിട്ടുണ്ട്. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളുടെ പ്രവർത്തനം സ്തംഭിപ്പിക്കുന്ന സമരപരിപാടി സ്വീകരിക്കരുതെന്നും അവരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആ അഭ്യർത്ഥന അവർ ചെവി ക്കൊള്ളുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഈ കാര്യത്തിൽ ഗവണ്മെന്റിനു കൈക്കൊള്ളാൻ കഴിയുന്ന നടപടികളും കഴിയുന്നതും വേഗം സ്വീകരിക്കുന്നതാണെന്നും ഈ അവസരത്തിൽ ഉറപ്പു നൽകുകയാണ്.

ശ്രീ. ടി. എ. മജീദ്: ഗവണ്മെന്റു ചെയ്യേണ്ടതു വേണ്ട സമയത്തു ചെയ്യാതിരുന്നതു കൊണ്ടല്ലേ ഈ കുഴപ്പം ഉണ്ടായതു? പേകമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ അലവൻസുകം നിറുത്തലാക്കിയതെന്നു പറഞ്ഞു. റിപ്പോർട്ട കിട്ടിയതു ഗവണ്മെന്റു പരിശോധിച്ചപ്പോൾ കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളം നഷ്ടപ്പെട്ടന്ന ഒരു സ്ഥിതിവിശേഷം, അപഹാസ്യമായ ഒരു അവസ്ഥയുണ്ടായതു് പരിഹരിക്കാമായിരുന്നില്ലേ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഗവണ്മെന്റു ചെയ്യേണ്ട കാര്യങ്ങളം ചെയ്തിട്ടില്ല എന്നു പറയുന്നതു ശരിയല്ല. പേകമ്മീഷൻ വേണ്ടത്ര പഠിച്ചതിനു ശേഷമാണ്, വിദഗ്ദ്ധമായി പരിശോധിച്ചതിനു ശേഷമാണ് റിപ്പോർട്ട സമർപ്പിച്ചതു് ഗവണ്മെന്റു ഈ കാര്യത്തിൽ വേണ്ടതു ചെയ്തില്ല ,ശ്രദ്ധിച്ചില്ല, പരിഗണിച്ചില്ല എന്നു പറയുന്നതു ഖേദകരമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തര പ്രമേയം അനുവദിക്കുന്നില്ല.

CALLING ATTENTION UNDER RULE 61

Destruction of Huts in Hosdurg Taluk

ശ്രീമതി. കെ. ആർ. ഗൗരി: സർ, ഹോസ്ദുർഗ്ഗ താലൂക്കിൽ നീലേശ്വരത്തു കൊട്ടറ എന്ന സ്ഥലത്തുണ്ടായ ഒരു സംഭവത്തെപ്പറ്റി ശ്രീ. എം. ചടയൻ ഇവിടെ പറയുകയുണ്ടായി. 1960-ൽ അവിടത്തെ വീവേഴ്സ് കാളനിക്ക വേണ്ടി അളന്നു തിരിച്ചു കൊടുത്ത സ്ഥലമാണത്. അവിടെ കാളനി ആരംഭിക്കുന്നതിനുള്ള നടപടി നടത്തി എല്ലിച്ചു കൊടുത്തതാണത്. വീവേഴ്സ് കാളനിയിലുള്ള ആളുകളും ആ നാട്ടിലുള്ള ആളുകളുമായിട്ട് കുറേക്കാലമായിട്ട് തർക്കം നടന്നു കൊണ്ടിരിക്കുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly